പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# സംയോജിത നീർത്തട പരിപാലന വികസന പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2850 — 22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" ജോസഫ് വാഴയ്ക്കൻ<br>" വർക്കല കഹാർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുകയുമാണ് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ലക്ഷ്യം. മഴവെള്ളം പരമാവധി സംഭരിക്കാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജല ലഭ്യത ഉറപ്പാക്കാനും ഭൂഗർഭജലവിതാനം ക്രമമായി ഉയർത്തിക്കൊണ്ട് വരാനും പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക വിളകളുടെ ഉൽപാദനം, ഉൽപാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിലൂടെ കൂടുതൽ പ്രദേശം കൃഷിക്ക് ഉപയുക്തമാകും വിധം മാറ്റിയെടുക്കാനും പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരവും വരുമാനവും ലഭ്യമാക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനതല നിർവ്വഹണത്തിനായി സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി രൂപീകരിച്ചു. കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനും ഗ്രാമവികസന കമ്മീഷർ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുമാണ്. ജില്ലാതലങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഡബ്ല്യു.സി.ഡി.സി.യും ബ്ലോക്ക് തലങ്ങളിൽ ഡബ്ല്യു.ഡി.റ്റി.യും രൂപീകരിച്ചിട്ടുണ്ട്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ സംസ്ഥാനതല ഏകോപന ചുമതല State Level Nodal Agency (എസ്.എൽ.എൻ.എ)-ക്ക് ആണ്. കാർഷികോൽപാദന കമ്മീഷണറാണ് എസ്.എൽ.എൻ.എ.-യുടെ ചെയർമാൻ. എസ്.എൽ.എൻ.എ.യുടെ സംസ്ഥാനതല സാങ്കേതിക യൂണിറ്റ് ഗ്രാമവികസന കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്നു. അഗ്രികൾച്ചർ, ലൈവിലിഹുഡ്, ഫിനാൻസ് വിദഗ്ധർ എന്നിവർ ടെക്നിക്കൽ യൂണിറ്റിൽ ഉണ്ട്. ജില്ലാതലത്തിൽ ഡബ്ല്യു.സി.ഡി.സി.-കൾ രൂപീകരിച്ചു. ഇവ ജില്ലാ പഞ്ചായത്തുകൾക്ക് കീഴിലുള്ള ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളിൽ പ്രവർത്തിക്കുന്നു. ബ്ലോക്ക് തല നിർവ്വഹണം നടത്തുന്നത് ബ്ലോക്ക് പഞ്ചായത്തുകളാണ്. അവരെ സാങ്കേതികമായി സഹായിക്കുന്നതിന് നീർത്തട വികസന ടീം (ഡബ്ല്യു.ഡി.റ്റി.) രൂപീകരിച്ചിട്ടുണ്ട്.<br>നീർത്തടതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷതയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സെക്രട്ടറിയുമായുള്ള നീർത്തട കമ്മിറ്റികളാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പൂർണ്ണമായും പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെയാണ് കേരളത്തിൽ ഐ.ഡബ്ല്യു.എം.പി.-യുടെ നിർവ്വഹണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ